# സാമൂഹിക പ്രത്യാഘാത പഠനം

## ഊട്ടറ പുഴപ്പാലം നിർമ്മാണം
## കൊല്ലങ്കോട് -1, വടവന്നൂർ  വില്ലേജുകൾ, ചിറ്റൂർ താലൂക്ക്, പാലക്കാട്
## 0.2875 ഹെക്ടർ

അന്തിമ റിപ്പോർട്ട്

തീയതി : 04/01/2022

റിക്വസിഷൻ അധികാരി

റോഡ്സ് & ബ്രിഡ്ജസ് ഡപലപ്മെന്റ്

കോർപ്പറേഷൻ ലിമിറ്റഡ് കേരള (ആർ.ബി.ഡി.സി.കെ)


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.org


KERALA V H S * MULLANKUZHY * KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി). പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

(സി). പഠന സമീപനം

(ഡി). നടപടികളും സമയക്രമങ്ങളും

(ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

(എഫ്). പൊതു അഭിപ്രായ സ്വീകരണം

1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

1.8. സാമൂഹിക പ്രത്യാഘാതം

1.9. പ്രത്യാഘാത ലഘൂകരണം

1.10. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.11. സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ സ്ഥാപന ഘടനാ സംവിധാനം

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

1.12- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി- പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

1.13. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

<u>അനുബന്ധരേഖകൾ</u>

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA V H S ★ MULLANKUZHY KOTTAYAM-2 ★ COLLECTORATE P.O.

സാമൂഹിക പ്രത്യാഘാത പഠനം

ഊട്ടറ പുഴപ്പാലം നിർമ്മാണം

കൊല്ലങ്കോട്-1, വടവന്നൂർ വില്ലേജുകൾ , ചിറ്റൂർ താലൂക്ക്, പാലക്കാട്

0.2875 ഹെക്ടർ

## പഠന റിപ്പോർട്ട്- രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

ഊട്ടറ ജംഗ്ഷനിൽ നിന്നും ഉദ്ദേശം 800 മീറ്റർ കിഴക്ക് മാറി, കൊല്ലങ്കോട്ട് പാതയിൽ സ്ഥിതി ചെയ്യുന്ന ഊട്ടറ പുഴപ്പാലം 1940 - ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതാണ്. പ്രമുഖ തീർത്ഥാടന കേന്ദ്രമായ പഴനി പട്ടണത്തെ കേരളത്തിലെ വിവിധ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുക, മലഞ്ചരക്ക് വ്യാപാരം പ്രോത്സാഹിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടെ നിർമ്മിച്ച പാലം, കാലപ്പഴക്കം കൊണ്ട് അപകട നിലയിലായിട്ട് ഒരു ദശകം കഴിഞ്ഞു. പത്ത് ടണ്ണിൽ കൂടുതൽ ഭാരം കയറ്റിയ വാഹനങ്ങൾ പാലത്തിലൂടെ യാത്ര ചെയ്യരുത് എന്ന പൊതുമരാമത്ത് വകുപ്പിന്റെ സുരക്ഷാ മുന്നറിയിപ്പ് സ്ഥാപിക്കപ്പെട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. പാലം പുനർനിർമ്മിക്കണം എന്ന് ആവശ്യപ്പെട്ട് ഒരു ജനകീയ കമ്മറ്റി രൂപീകരിക്കുകയും അവർ സർക്കാറിന് നിവേദനങ്ങൾ നല്കുകയും ചെയ്തു. ഇത് കൂടാതെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പാലത്തിന്റെ പുനർനിർമ്മാണം ഗൗരവത്തിൽ എടുക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ഭാരതപുഴയുടെ ഏറ്റവും പ്രധാന പോഷക നദിയായ ഗായത്രി പുഴയുടെ കുറുകെ സ്ഥിതി ചെയ്യുന്ന ഊട്ടറ പുഴപ്പാലം പാലക്കാടിനെയും , ജില്ലയിലെ പ്രധാന താലൂക്ക് ആസ്ഥാനമായ ചിറ്റൂരിനേയും പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന പാതയിലാണ്. അതുകൊണ്ട് തന്നെ ഊട്ടറ പുഴപ്പാലത്തിന്റെ അപകടാവസ്ഥ ചിറ്റൂർ അടക്കമുള്ള പ്രദേശങ്ങളെ ഒറ്റപ്പെടുത്തും. പ്രകൃതി ദുരന്ത സാധ്യതകൾ കൂടുതലായുള്ള, ചിറ്റൂർ, മുതലമട, നെന്മാറ തുടങ്ങിയ പ്രദേശങ്ങളിലേക്കുള്ള പ്രധാന പാതയിലെ പാലം എന്ന നിലയ്ക്കും ഊട്ടറ പുഴപ്പാലം വലിയ പ്രാധാന്യം അർഹിക്കുന്നു.

ആനമലയിൽ നിന്നും ഉത്ഭവിക്കുന്ന ഗായത്രി പുഴ വർഷക്കാലത്ത് വലിയ അളവിൽ ജല നിർഗ്ഗമനം ഉള്ള പുഴയാണ്. അതുകൊണ്ട് തന്നെ സഹ്യപർവ്വത പ്രദേശത്ത് അമിതമായി ഉണ്ടാകാവുന്ന വർഷപാതം ഊട്ടറ പുഴപ്പാലത്തെ ഏത് സമയത്തും കൂടുതൽ അപകടകരമാക്കാൻ സാധ്യതയുണ്ട്.

മേൽപറഞ്ഞ കാര്യങ്ങൾ പരിഗണിച്ചാണ് സംസ്ഥാനസർക്കാർ ഊട്ടറ പുഴപ്പാലത്തിന്റെ നിർമ്മാണം പൊതുതാത്പര്യ പദ്ധതിയായി കണക്കാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വിധേയമാക്കിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹ്യപ്രത്യാഘാത

MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പഠനം നടത്തുന്നതിന് കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തുകയും, പഠനത്തിന്റെ ഭാഗമായി ഈ കരട് റിപ്പോർട്ട് സമർപ്പിക്കുകയും ആണ്.

### 1.2. പദ്ധതി പ്രദേശം

ഭാരതപ്പുഴയുടെ പ്രധാന പോഷക നദിയായ ഗായത്രിപ്പുഴ, പാലക്കാട് - കൊല്ലങ്കോട് പൊതുമരാമത്ത് വഴിയെ ഖണ്ഡിക്കുന്നതും, ഊട്ടറ ജംഗ്ഷനിൽ നിന്നും 800 മീറ്റർ മാറിയും ഉള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഊട്ടറ പുഴപ്പാലത്തിന് തൊട്ട് തെക്ക് വശത്ത് നിർദ്ദിഷ്ട പുതിയ പുഴപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രദേശവും, സമീപ പ്രദേശങ്ങളും കൂടുന്നതാണ് പദ്ധതി പ്രദേശം. പദ്ധതി പ്രദേശത്ത് നിന്നും ഉദ്ദേശം 1 കിലോമീറ്റർ മാറിയാണ് കൊല്ലങ്കോട് പഞ്ചായത്ത് ആസ്ഥാനം. പ്രമുഖ തീർത്ഥാടന കേന്ദ്രമായ തമിഴ്നാട്ടിലെ പഴനിയിലേക്കുള്ള പാത കൊല്ലങ്കോട് വഴി കടന്നുപോകുന്നു. ജില്ലാ ആസ്ഥാനമായ പാലക്കാട് നിന്നും 22 കിലോമീറ്ററും, താലൂക്ക് ആസ്ഥാനമായ ചിറ്റൂരിൽ നിന്നും പതിനെട്ട് കിലോമീറ്ററും ദൂരെയായി സ്ഥിതിചെയ്യുന്ന പദ്ധതി പ്രദേശം നല്ല കാർഷിക പ്രധാന സ്ഥലമാണ്. ഗായത്രിപുഴ ഫലഭൂവിഷ്ടമാക്കിയ ഭൂമി നെല്ലിന്റെ പ്രധാന ഉത്പാദന കേന്ദ്രമാണ്. തമിഴ് - കേരള സംസ്കാരങ്ങൾ ഒന്നിച്ച് ചേരുന്ന പദ്ധതി പ്രദേശം, വളരെ പുരാതന ക്ഷേത്രങ്ങൾ, ആഘോഷങ്ങൾ എന്നിവയ്ക്ക് പ്രസിദ്ധമാണ്. സാമൂഹിക-സാംസ്കാരിക രംഗത്ത് വളരെ ഉയർച്ച നേടിയ പദ്ധതി പ്രദേശം, സാമ്പത്തികമായും നല്ല നിലവാരത്തിലാണ്. തീർത്ഥാടനകേന്ദ്രങ്ങളായ ഗുരുവായൂർ - പഴനി - മധുര - രാമേശ്വരം പട്ടണങ്ങളെ ബന്ധിപ്പിച്ചുള്ള തീർത്ഥാടന റെയിൽ പദ്ധതി ഈ പ്രദേശത്ത് കൂടെ കടന്നുപോകുന്നു. പൊതുവേ ഹിന്ദു മതവിശ്വാസികൾ കൂടുതലായി വസിക്കുന്ന പദ്ധതിപ്രദേശത്ത് മുസ്ലിം മതവിശ്വാസികളും ഇടകലർന്ന് വസിക്കുന്നു. മതസൗഹാർദ്ദത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന പദ്ധതിപ്രദേശത്ത് മറ്റ് മതസ്ഥർ വിരളമായി മാത്രമേ താമസിക്കുന്നുള്ളൂ. സ്ത്രീ പുരുഷ അനുപാതം, സാക്ഷരത, വിദ്യാഭ്യാസ നിലവാരം എന്നിവയെല്ലാം സംസ്ഥാന ശരാശരിയേക്കാൾ മുന്നിട്ടുനിൽക്കുന്നതാണ് പദ്ധതിപ്രദേശത്തിന്റെ സാമൂഹ്യ-സംസ്കാരിക സ്ഥിതി.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

സ്പെഷ്യൽ തഹസിൽദാർ, എൽ.എ (കിഫ്ബി), ആലത്തൂർ, പാലക്കാട് ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ നടത്തുന്നത്. ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാഥമിക സ്കെച്ചുകൾ രൂപപ്പെടുത്തുകയും, അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി കളക്ടർ (ഭൂമി ഏറ്റെടുക്കൽ) ആണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിപ്പിക്കുന്നത്.

KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി നഷ്ടപ്പെടുന്ന മൂന്ന് പദ്ധതിബാധിതരും, പദ്ധതി മൂലം പ്രയോജനം ലഭ്യമാവുന്ന പ്രദേശവാസികളും, റോഡ് ഉപഭോക്താക്കളും ആണ് പദ്ധതിബാധിതരായി കണക്കാക്കുന്നത്.

പദ്ധതിക്ക് വേണ്ടി ഭൂമി മാത്രം നഷ്ടപ്പെടുന്ന ഒരു ഭൂ ഉടമസ്ഥനും, ഭൂമിയും ചമയങ്ങളും, (ചുറ്റ് മതിൽ, മോട്ടോർ പുര) നഷ്ടപ്പെടുന്ന രണ്ട് ഭൂ ഉടമസ്ഥരും ആണ് ഉള്ളത്. ഇതിൽ ഭൂമി മാത്രം നഷ്ടപ്പെടുന്ന ഭൂ ഉടമസ്ഥൻ പദ്ധതിപ്രദേശത്തിന്റെ സമീപംതന്നെ ഇലക്ട്രിക്കൽ റിപ്പയറിംഗ് കട നടത്തുകയാണ്. മറ്റ് രണ്ട് ഭൂ ഉടമസ്ഥരും സാമ്പത്തികമായി നല്ല നിലവാരം ഉള്ളവരാണ്. പദ്ധതിബാധിതർ എല്ലാം - സാമൂഹിക - സാംസ്കാരിക തലത്തിൽ സമൂഹ ത്തിന്റെ മുഖ്യധാരയിൽ ഉള്ളവരാണ്.

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 0.2875 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഗായത്രി പുഴയുടെ തീരത്ത് ഇപ്പോഴുള്ള പാലത്തിന്റെ ഓരത്ത് ഉള്ള കൃഷിയോഗ്യവും എന്നാൽ കൃഷി ഇല്ലാത്തതുമായ ഒരു സെന്റ് ഭൂമി , ഒരു താമസ ഭവനത്തിന്റെ മുൻ ഭാഗം, താമസം ഇല്ലാത്ത ഒരു ഭവനത്തിന്റെ മുൻഭാഗം എന്നിവയാണ് ഏറ്റെടുക്കുന്ന ഭൂമിയിൽ ഉൾപ്പെടുന്നത്. തികച്ചും കരഭൂമിയായ ഏറ്റെടുക്കുന്ന ഭൂമി പാലക്കാട് - കൊല്ലങ്കോട് പാതയോരത്താണ് എന്നതുകൊണ്ട് വാണിജ്യ പ്രാധാന്യവുമാണ്.

1.4. പദ്ധതിയും നടപ്പാക്കൽ ഏജൻസിയും

(എ). നടപ്പാക്കൽ ഏജൻസി - റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പ റേഷൻ ലിമിറ്റഡ്, കേരള, (ആർ.ബി.ഡി.സി.കെ),

പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ലിമിറ്റഡ് കമ്പനിയാണ് കേരള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ. കമ്പനീസ് ആക്ട് 1956 പ്രകാരം 1999 സെപ്റ്റംബർ 23 ന് സ്ഥാപിതമായ കോർപ്പറേഷൻ പ്രധാനമായും പാലങ്ങൾ, മേൽപ്പാലങ്ങൾ, റോഡു വികസനം എന്നീ മേഖലകളിൽ പൊതുമരാമത്തു വകുപ്പിനു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നു.

കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ

പാലങ്ങൾ, റോഡുകൾ, മേൽപ്പാലങ്ങൾ തുടങ്ങിയവ നിർമ്മിക്കുകയും, കാത്തു സൂക്ഷിക്കു കയും, നടത്തികൊണ്ടുപോവുകയും ചെയ്യുക എന്ന പരമ പ്രധാനമായ കർത്തവ്യമാണ് കോർപ്പറേഷൻ ഗവൺമെന്റിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിനുവേ ണ്ടിയും പൊതുമേഖല സ്ഥാപനങ്ങൾക്കുവേണ്ടിയും മേൽപ്രകാരമുള്ള പ്രവർത്തനങ്ങൾ നട ത്തുന്ന കോർപ്പറേഷൻ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

കൾക്ക് ആവശ്യമായ പണ സമ്പാദനം നടത്തുകയും ആയത് പദ്ധതികൾക്കുവേണ്ടി വിനി യോഗിക്കുകയും ചെയ്യും.

(ബി). പദ്ധതി നിർവ്വഹണ ഘട്ടം

ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സാമൂഹിക പ്രത്യാഘാത പഠനത്തിനായി പദ്ധതി സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

(സി). പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏററ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |

## 1.5. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പ്രധാന ഗതാഗത പാതയിലെ പാലത്തിന്റെ നിർമ്മാണം എന്നുള്ള നിലയ്ക്കും വളരെ ലഘുതരമായ പ്രത്യാഘാതം മാത്രമുള്ള പദ്ധതി രൂപരേഖ എന്ന നിലയ്ക്കും പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ ലഭ്യമല്ല.

## 1.6. സമീപനവും രീതി ശാസ്ത്രവും

(എ). പശ്ചാത്തലം

കേരളാ ഗസറ്റ് നം.3064, തീയതി ഒക്ടോബർ 22, 2021 ഉം വിജ്ഞാപനം നം.ഡി.സി.പി. കെ.ഡി./737/2021 സി2, തീയതി ഒക്ടോബർ 11, 2021 അറിയിപ്പ് പ്രകാരം കേരള സർക്കാർ കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ഈ പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പഠനം നടത്തുന്നതിനുള്ള യൂണിറ്റായി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

(ബി). സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 27 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുന സ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണ ത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദൻ സാമൂഹിക വിവര ശേഖകൻ | 12 വർഷത്തെ പ്രവർത്തന പരി ചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദ ഗ്ദ, സാമൂഹിക വിവര ശേഖക | 17 വർഷത്തെ പ്രവർത്തന പരി ചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 36 വർഷത്തെ പ്രവർത്തി പരി ചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈ സർ & വിവര ക്രോഡീകരണം | 27 വർഷത്തെ പ്രവർത്തി പരി ചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd.വില്ലേജ് ഓഫീസർ |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## (സി). പഠന സമീപനം

ആകെ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നത് 0.2875 ഹെക്ടർ ഭൂമിയാണ്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവരശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിക്കുകയും അതോടൊപ്പം അയച്ച് നൽകുകയും, സാമൂഹിക - സാമ്പത്തിക-സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. പദ്ധതി ബാധിതർക്ക് വേണ്ടി ആവശ്യമായ വ്യക്തിഗത പഠനങ്ങൾ നടത്തുകയും വിവരശേഖരണം ലക്ഷ്യമിട്ട് പദ്ധതി പ്രദേശങ്ങളിലൂടെ യാത്രകൾ സംഘടിപ്പിക്കുകയും ഉണ്ടായി. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

## (ഡി). നടപടികളും സമയക്രമങ്ങളും

22/10/2021 -സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

01/11/2021 - ഔദ്യോഗികമായി സർക്കാർ ഉത്തരവ് കളക്ട്രേറ്റിൽ ലഭ്യമായി

06/11/2021 - 09/11/2021 - സെക്കണ്ടറി വിവര ശേഖരണം

09/11/2021 &10/11/2021- 'ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ

11/11/2021 -13/11/2021 - പദ്ധതി പങ്കാളികളെ / താൽപ്പര്യമുള്ളവരെ കണ്ടെത്തൽ

14/11/2021- 18/11/2021- സാമൂഹിക സർവ്വേ

21/11/2021 - കരട് റിപ്പോർട്ട്

20/12/2021 - പൊതു അഭിപ്രായ സ്വീകരണം

04/01/2022 - അന്തിമ റിപ്പോർട്ട്

## (ഇ). പദ്ധതി ബാധിതനുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയ ബന്ധിതമായ പദ്ധതി പൂർത്തീകരണം പ്രത്യാഘാതം കുറയ്ക്കാൻ സഹായകരമാണ്.

2. ന്യായമായ നഷ്ട പരിഹാരം ലഭ്യമായാൽ പദ്ധതിക്കുവേണ്ടി ഭൂമി വിട്ടുനൽകുവാൻ പദ്ധതി ബാധിതർ തയ്യാറാണ്.

3. ഭൂമി ഏറ്റെടുക്കൽ സംബന്ധമായി കൃത്യമായി വിവരങ്ങൾ നൽകുകയും പദ്ധതി ബാധിതരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വേണം.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

(എഫ്). പൊതു അഭിപ്രായ സ്വീകരണം

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, മംഗളം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതന്റെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതനെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ് വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, കിഫ്ബി, ഡപ്യൂട്ടി കളക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ അവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

ശ്രീ.കെ.ബാബു, എം.എൽ.എ.,നെന്മാറ, ശ്രീ.ചിന്നകുട്ടൻ, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, കൊല്ലങ്കോട്, ശ്രീ.സത്യപാൽ, പ്രസിഡന്റ്, കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്, ശ്രീ.കെ.എസ്.സക്കീർ ഹുസൈൻ, പ്രസിഡന്റ്, വടവന്നൂർ ഗ്രാമപഞ്ചായത്ത്, ശ്രീമതി,ശാലിനി കറുപ്പേഷ്, പി.ഡബ്ല്യു.ഡി.ചെയർപേഴ്സൺ, ,ജില്ലാപഞ്ചായത്ത്, കൊല്ലങ്കോട്, ശ്രീ.കെ.വി.മഹേഷ്, വാർഡ് മെമ്പർ, വടവന്നൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.പി.എ.രാജീവ്, വാർഡ് മെമ്പർ, വടവന്നൂർ ഗ്രാമപഞ്ചായത്ത്, ശ്രീ.പി.രാജൻ, ഡപ്യൂട്ടി കളക്ടർ, ആർ.ബി.ഡി.സി.കെ, ശ്രീ.എം.വി.മാത്യു, ഡപ്യൂട്ടി തഹസിൽദാർ, ആർ.ബി.ഡി.സി.കെ, ശ്രീ.ആഷിദ് ഇ.എ, സൈറ്റ് എഞ്ചിനീയർ, ആർ.ബി.ഡി.സി.കെ, ശ്രീ. എം.എസ്. വിജുകുമാർ, സ്പെഷൽ തഹസിൽദാർ. എൽ.എ. കിഫ്ബി., ആലത്തൂർ,പാലക്കാട് ശ്രീമതി.സീമന്തിനി എം.കെ., ജെ.എസ്./വി.എ., കിഫ്ബി എൽ.എ. ആലത്തൂർ, ശ്രീമതി,അമൃത വി.എസ്. എൽ.എ. കിഫ്ബി., ശ്രീ. ശിവപ്രസാദ് എ. ആർ. ഐ. , എൽ.എ. കിഫ്ബി., ശ്രീ. ഹബീബുള്ള, ക്ളർക്ക്, എൽ.എ. കിഫ്ബി, ദീരജ് നായർ , സർവ്വേയർ, എൽ.എ. കിഫ്ബി., ആലത്തൂർ, ശ്രീ.കെ.മാധവൻ, കൺവീനർ, റെയിൽവേ മേൽപ്പാല നിർമ്മാണം എന്നിവരും പദ്ധതി ബാധിതരായ ഭൂഉടമസ്ഥരും പങ്കെടുത്തു.

| ക്രമനം. | അഭിപ്രായങ്ങൾ |
|---|---|
| 1 | **ശ്രീ.കെ.ബാബു, എം.എൽ.എ.,നെന്മാറ**<br><br>വളരെ അധികം അപേക്ഷകൾ നൽകി അനുവദിപ്പിച്ചതാണ് ഊട്ടറ പുഴപ്പാലത്തിന്റെ നിർമ്മാണ പദ്ധതി. പദ്ധതിയോട് എല്ലാവരും സഹകരിക്കണം. നഷ്ടപ്പെടുന്ന ഭൂമിക്ക് ന്യായമായ നഷ്ട പരിഹാരം ലഭ്യമാക്കും പദ്ധതി നടത്തിപ്പിൽ എല്ലാ ജനപ്രതിനിധികളുടെയും, പ്രാദേശിക നേതൃത്വത്തിന്റെയും ജനങ്ങളു |

| | |
|---|---|
| | ടെയും കൂട്ടായ്മ ഉണ്ടാവണം. |
| 3 | **ശ്രീ. സത്യപാൽ, പ്രസിഡന്റ്, കൊല്ലങ്കോട് ഗ്രാമ പഞ്ചായത്ത്**<br><br>സമയബന്ധിതമായി പദ്ധതി നടപ്പിലാക്കണം. പഞ്ചായത്തിന്റെ എല്ലാ സഹകരണവും ഉണ്ടാകും |
| 4 | **ശ്രീ.ചിന്നകുട്ടൻ, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, കൊല്ലങ്കോട്**<br><br>പുഴപ്പാലം പ്രാദേശിക വികസനത്തിന് വളരെ സഹായകരമാണ്. എത്രയും വേഗം നടപ്പാക്കണം. |
| 5 | **ശ്രീമതി.സുഹറാ ബീവി**<br><br>കിണർ, മോട്ടർ വച്ചിരിക്കുന്ന ഷെഡ് എന്നിവ സാധ്യമാണെങ്കിൽ സംരക്ഷിച്ച് നൽകണം. ന്യായമായ നഷ്ട പരിഹാരം നൽകണം. |
| 6 | **ശ്രീ. പ്രസാദ്, പ്രവീൺ നിവാസ്**<br><br>ഗെയിറ്റ് പോകുന്നില്ല. ന്യായമായ നഷ്ട പരിഹാരം നൽകണം. |
| 2 | **ശ്രീ. ശശിധരൻ**<br>ന്യായമായ നഷ്ട പരിഹാരം നൽകണം. |

ഇതേ തുടർന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) 2013 ലെ ഭൂമി ഏറ്റെടുക്കൽ ആക്റ്റ് വന്നതിന് ശേഷം ഭൂമിക്ക്, വൃക്ഷങ്ങൾക്ക്, ചമയങ്ങൾക്ക് നഷ്ട പരിഹാരം നൽകുന്നതിനും വ്യാപാര നഷ്ടം നികത്തുന്നതിനും നടപടികൾ ഉണ്ട് എന്ന് വിശദീകരിച്ചു.

പഞ്ചായത്തും, ജനപ്രതിനിധികളും, ഭൂഉടമസ്ഥരും പരസ്പരം സംസാരിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുന്ന അവസരത്തിൽ തന്നെ, ഭൂമി കൈമാറ്റം ഉറപ്പ് വരുത്തിയാൽ പദ്ധതി നടപടികൾ വേഗത്തിലാക്കാൻ കഴിയും എന്ന് നടപ്പാക്കൽ ഏജൻസി പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു.

### 1.7. പദ്ധതി പ്രദേശത്ത് ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം

പുതിയ പാലം നിർമ്മിക്കപ്പെടുമ്പോൾ പഴയ പാലവും, അനുബന്ധ പ്രദേശങ്ങളും സാമൂഹ്യ വിരുദ്ധർ കൈവശപ്പെടുത്തുന്നതിന് സാധ്യത ഉണ്ട്. അത് മുൻകൂട്ടി കണ്ട് നടപടികൾ സ്വീകരിക്കണം. പദ്ധതി പാലക്കാട് - കൊല്ലങ്കോട് പാതയിൽ വൻതോതിലുള്ള ഗതാഗത വർദ്ധനവിന് കാരണമാവും. അതുകൊണ്ട് തന്നെ പാലത്തിന്റെ ഇരുവശങ്ങളിലും റോഡ് സുരക്ഷ വർദ്ധിപ്പിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കണം. പ്രദേശത്തിന്റെ വ്യാപാര - വാണിജ്യ പുരോഗതിക്ക് പദ്ധതി നിമിത്തം ആകും

KERALA VHS COLLECTORATE P.O. MULLANKUZHY KOTTAYAM-2

## 1.8. സാമൂഹിക പ്രത്യാഘാതം

മൂന്ന് ഭൂ ഉടമസ്ഥർക്ക് ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതും, അവരിൽതന്നെ രണ്ട് പേർക്ക് ചുറ്റ് മതിൽ, ഗെയിറ്റ് അടക്കമുള്ള ചമയങ്ങൾ നഷ്ടപ്പെടുന്നു എന്നുള്ളതുമാണ് പ്രധാന പ്രത്യാഘാതം. ഭൂമിയും ചമയങ്ങളും നഷ്ടപ്പെടുന്ന ഒരു ഭൂ ഉടമ സ്ഥൻ പദ്ധതിപ്രദേശത്ത് താമസിക്കുന്നില്ല. താമസ്സ ഭവനത്തിന്റെ ചുറ്റ് മതിൽ നഷ്ടപ്പെടുന്ന ഒരു ഭൂ ഉടമസ്ഥന് പദ്ധതിയുടെ പ്രത്യാഘാതം അവരുടെ ഭവനത്തെയൊ, താമസത്തെയോ യാതൊരു വിധ ത്തിലും ബാധിക്കപ്പെടുന്നില്ല.

## 1.9. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടി കൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2. | ചമയങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3. | ചമയങ്ങളുടെ ഭാഗിക നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 4 | കൃഷിഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | നാണ്യ വിളക ളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ടപരിഹാരം നൽകുക |
| 6 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശനമാർഗ്ഗ ങ്ങളുടെ നഷ്ടം | നിയന്ത്രണം/ പുനർനിർമ്മാണം | ഓരോ പ്രവേശനമാർഗ്ഗങ്ങളെക്കു റിച്ചും പഠനം നടത്തി പുനരധി വാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകു കയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 8 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെ ടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധി തരുടെ പങ്കാളിത്തം ഉറപ്പു വരു ത്തുക. |

KERALA V.H.S.E. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | |
|---|---|---|---|
| 9 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

## 1.10. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ്/ നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 2 | ചമയങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 3 | ചമയങ്ങളുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞത് | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |
| 4 | കൃഷിഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞ | മതിയായ നഷ്ടപരിഹാരം നൽകുക |
| 5 | നാണ്യ വിളകളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | മധ്യമം | കുറഞ്ഞത് | മതിയായ നഷ്ടപരിഹാരം നൽകുക |
| 6 | വീടുകളിലേക്കും ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | വളരെ ഉയർന്ന | ഉയർന്ന | കുറഞ്ഞ | ഓരോ പ്രവേശന മാർഗ്ഗങ്ങളെക്കുറിച്ചും പഠനം നടത്തി പുനരധിവാസ- പുനർവാസ രൂപരേഖയിൽ ഉൾപ്പെടുത്തുക. |
| 7 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | ലഘുവായ | കുറഞ്ഞ | കുറഞ്ഞ | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ |

KERALA VHSS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | സർക്കാർ ഭൂമിയി ലോ, സ്വകാര്യ ഭൂമി യിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 8 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | പോ സി റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞ | കുറഞ്ഞ | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിത രുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 9 | പരാതി പരി ഹാരം | പോ സി റ്റീവ് | സാധ്യ മാണ് | ലഘു വായ | കുറ ഞ്ഞ | കുറഞ്ഞ | പ്രവർത്തന നിരത മായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചാ യത്ത് തലത്തിലും പ്രവർത്തിക്കുക. |

**1.11. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

താമസ്സ ഭവനങ്ങൾ നഷ്ടപ്പെടുന്നില്ല എന്നതും, നഷ്ടപ്പെടുന്ന ചമയങ്ങൾ പദ്ധതിബാധിതരുടെ സ്വകാര്യ ജീവിതത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നില്ല എന്നതും, പ്രത്യാഘാതം പദ്ധതിബാധിതരുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെ ലഘൂകരിക്കാൻ സാധ്യത ഇല്ല, എന്നതിനാലും, പദ്ധതിയുടെ പ്രത്യാഘാതം വളരെ ലഘൂതരം എന്ന് കണക്കാക്കാവുന്നതാണ്. കൂടാതെ ശരിയായ നഷ്ടപരിഹാര വിതരണത്തിലൂടെ പ്രത്യാഘാതം വീണ്ടും ലഘൂകരിക്കാവുന്നതാണ്.

പദ്ധതിയുടെ പൊതുതാത്പര്യം വളരെ പ്രകടമാണ്. കാരണം ഇപ്പോഴുള്ള ഊട്ടറ പുഴപ്പാലത്തിന്റെ ബലക്ഷയം വർഷങ്ങൾക്ക് മുൻപേ സാങ്കേതികമായി കണ്ടെത്തിയിട്ടുള്ളതും ആയതിന് അനുസൃതമായി സുരക്ഷാ മുന്നറിയിപ്പുകൾ പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ ഊട്ടറ റെയിൽവ്വേ മേൽപ്പാല പദ്ധതി ഭൂമി ഏറ്റെടുക്കൽ ഘട്ടത്തിലാണ്. മേൽപ്പാല പദ്ധതി നടപ്പാക്കപ്പെടുമ്പോൾ ഉണ്ടാകാവുന്ന വർദ്ധിത വാഹന ഗതാഗതം പുഴപ്പാലത്തിന്റെ അപകടാവസ്ഥ വർദ്ധിപ്പിക്കുകയും ആയത് പൂർണ്ണമായ ഗതാഗത സ്തംഭനത്തിലേക്കും, പാലക്കാടിന്റെ ചിറ്റൂർ, നെന്മേനി, മുതലമട തുടങ്ങിയ പ്രദേശങ്ങൾക്ക് ജില്ലാ ആസ്ഥാനവുമായുള്ള ഗതാഗത ബന്ധം മുറിഞ്ഞു പോകാനും ഇടയാക്കും.

കൂടാതെ പദ്ധതി എത്രയും വേഗം നടപ്പാക്കണം എന്നത് ജനപ്രതിനിധികളുടെയും, ജനങ്ങളുടെയും ആവശ്യമാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പ്രധാന ഗതാഗത പാതയിലെ പാലത്തിന്റെ നിർമ്മാണം എന്നുള്ള നിലയ്ക്കും വളരെ ലഘുത രമായ പ്രത്യാഘാതം മാത്രമുള്ള പദ്ധതി രൂപരേഖ എന്ന നിലയ്ക്കും പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ ലഭ്യമല്ല.

അതായത് ലഘുതരമായ പ്രത്യാഘാതം, നഷ്ട പരിഹാര വിതരണത്തിലൂടെ പ്രത്യാഘാതം വീണ്ടും കുറയ്ക്കാനുള്ള സാഹചര്യം, പദ്ധതിയുടെ പൊതുതാൽപര്യ പ്രാധാന്യം, ബദൽ നിർദ്ദേശങ്ങളുടെ സാധ്യത ഇല്ലായ്മ എന്നിവ സൂചിപ്പിക്കുന്നത് 2013 - ലെ ഭൂമി ഏറ്റെടുക്കൽ നിയമം അതിന് അനുബന്ധമായി സംസ്ഥാന സർക്കാർ രൂപപ്പെടുത്തിയ ചട്ടങ്ങൾ എന്നിവ പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകാവുന്നതാണ്.

**സാജു. വി.ഇട്ടി**
**ചെയർമാൻ**
**സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്**

**അനുബന്ധരേഖകൾ**

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപരസ്യം (ഫോറം. നം. 5 നോട്ടിഫിക്കേഷൻ)
4. നോട്ടീസ്
5. പൊതു അഭിപ്രായ സ്വീകരണ ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

# ഊട്ടറ പുഴപ്പാലം നിർമ്മാണം

## പദ്ധതി ബാധിതരുടെ പേര് വിവരങ്ങൾ

| ക്രമ നം. | പേര് മേൽവിലാസം | താമസം / വാണിജ്യം | സർവ്വേ നം. | ഫോൺ നം. | ബാധിക്കപ്പെടുന്നവ |
|---|---|---|---|---|---|
| 1 | ശശിധരൻ<br>ചെങ്ങമറ്റം ഹൗസ്<br>മേട്ടുപാളയം<br>കൊല്ലംകോട് | തരിശ് ഭൂമി | 212/2 **pt**<br>**212/15** | 9447620369 | സ്ഥലം |
| 2 | പ്രസാദ്<br>പ്രവീൺ നിവാസ്<br>ഗായത്രി നഗർ- 1<br>ഊട്ടറ,<br>കൊല്ലംകോട് പി.ഒ | താമസം | 620/2 | 9400662733 | സ്ഥലം, മതിൽ, |
| 3. | സുഹറാ ബീവി<br>**Late.** ഡോ.<br>അബ്ദുൾ ഖാദർ | താമസം | 620/1 | 9961439441<br>9447253388<br>8714913007 | ഷെഡ്,<br>മോട്ടർപുര,<br>കിണർ<br>(ഭാഗികം)<br>മതിൽ,<br>ഗെയിറ്റ് |

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

**PHOTOGRAPHS**

PROJECT AREA













KERALA V H S COLLECTORATE P.O. MULLANKUZHY KOTTAYAM-2

**PUBLIC HEARING**













COLLECTORATE P.O. * KERALA V H S S * MULLANKUZHY KOTTAYAM-2














KERALA V.H.S.S * COLLECTORATE P.O. * MULLANKUZHY KOTTAYAM-2

ജനയുഗം

2021 ഡിസംബർ 02 വ്യാഴം

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 29/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട്-1, വടവന്നൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ഊട്ടറ പുഴപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, ഒക്ടോബർ 22, നം. 3064, വിജ്ഞാപനം നമ്പർ. ഡി.സി.പി.കെ.ഡി./737/2021-സി2, തീയതി, 2021 ഒക്ടോബർ 11, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ മാസം 20-)0 തീയതി, ഉച്ചക്ക് 1:30 മണിക്ക് ഊട്ടറ ശ്രീ മൂകാംബിക സോമിൽ കോമ്പൗണ്ടിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ | പേര് |
|---|---|---|---|---|
| 1 | 212/2 pt, 212/15,, 620/2,, 620/1 | നിലം | 0.0825<br>0.2050 | ശശിധരൻ, പ്രസാദ്, സുഹറാബി |
| | ആകെ വിസ്തീർണ്ണം | | 0.2875 | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

മംഗളം 2021 ഡിസംബർ 02 വ്യാഴം TCR

ഫാറം 5 ചട്ടം 14 (1) വിജ്ഞാപനം തീയതി : 29/11/2021

ചുവടെ പട്ടികയിൽ വിവരിക്കുന്ന പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട്-1, വടവന്നൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ഊട്ടറ പുഴപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, ഒക്ടോബർ 22, നം. 3064, വിജ്ഞാപനം നമ്പർ. ഡി.സി.പി.കെ.ഡി./737/2021-സി2, തീയതി, 2021 ഒക്ടോബർ 11, അറിയിപ്പ് പ്രകാരം താഴെപ്പറയുന്ന പട്ടികയിൽ വിവരിക്കുന്ന പ്രദേശത്ത് ഒരു സാമൂഹിക ആഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് താഴെ പട്ടികയിൽ വിവരിക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപ്പര്യങ്ങളോ ഉള്ള താങ്കളോ, താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ 2021-ാം മാണ്ട് ഡിസംബർ മാസം 20-)0 തീയതി, ഉച്ചക്ക് 1:30 മണിക്ക് ഊട്ടറ ശ്രീ മൂകാംബിക സോമിൽ കോമ്പൗണ്ടിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

| ക്രമ നം. | സർവ്വേ നം. | വിവരണം | വി. ഹെ | പേര് |
|---|---|---|---|---|
| 1 | 212/2 pt, 212/15,, 620/2,, 620/1 | നിലം | 0.0825<br>0.2050 | ശശിധരൻ, പ്രസാദ്, സുഹറാബി |
| | ആകെ വിസ്തീർണ്ണം | | 0.2875 | |

ചെയർമാൻ, സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സ്വീകർത്താവ്

നോട്ടീസ് / അറിയിപ്പ്

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ, കൊല്ലങ്കോട്-1, വടവന്നൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഭൂമി ഒരു പൊതു ആവശ്യത്തിലേക്കായി അതായത് ഊട്ടറ പുഴപ്പാലം നിർമ്മിക്കുന്നതിന് വേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടതിനാലും, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ (2013 ലെ 30-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് അനുസരിച്ച് കേരളാ ഗസറ്റ് തീയതി 2021, ഒക്ടോബർ 22, നം. 3064, വിജ്ഞാപനം നമ്പർ. ഡി.സി.പി.കെ.ഡി./737/2021-സി2, തീയതി, 2021 ഒക്ടോബർ 11, അറിയിപ്പ് പ്രകാരം ടി പ്രദേശത്ത് ഒരു സാമൂഹിക പ്രത്യാഘാത പഠന വിലയിരുത്തൽ നടത്താൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ആക്ടിൽ പരാമർശിക്കും പ്രകാരം സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന്, ഏറ്റെടുക്കുന്ന ഭൂമിയിൽ ഉടമസ്ഥതയോ, അവകാശമോ, താൽപര്യങ്ങളോ ഉള്ള താങ്കളോ താങ്കൾ ചുമതലപ്പെടുത്തുന്ന ആളുകളോ, 2021-ാം മാണ്ട് ഡിസംബർ 20-)0 തീയതി, ഉച്ചയ്ക്ക് 1.30ന്, ഊട്ടറ ശ്രീ മൂകാംബിക സോമിൽ കോമ്പൗണ്ടിൽ വച്ച് നടത്തുന്ന പൊതു അഭിപ്രായ സ്വീകരണയോഗത്തിൽ പങ്കെടുക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

സ്ഥലം : കോട്ടയം
തീയതി : 29/11/2021

ചെയർമാൻ
സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ്

സാമൂഹിക പ്രത്യാഘാത പഠനം

ഊട്ടറ പുഴപ്പാലം നിർമ്മാണം

കൊല്ലങ്കോട്-1, വടവന്നൂർ വില്ലേജുകൾ , ചിറ്റൂർ താലൂക്ക്, പാലക്കാട്

0.2875 ഹെക്ടർ

# പൊതു അഭിപ്രായ സ്വീകരണം

സ്ഥലം: ശ്രീ മൂകാംബിക സോമിൽ കോമ്പൗണ്ട്, ഊട്ടറ

തീയതി : 2021 ഡിസംബർ 20, സമയം: 1.30 പി.എം.

| ക്രമ നം. | പേരും മേൽവിലാസവും | ഫോൺ നമ്പർ | ഒപ്പ് |
|---|---|---|---|
| 1. | [illegible] | 9447514738 | [signature] |
| 2 | [illegible] Cp. | 9447015709 | |
| 3. | [illegible] PWD [illegible] | 9656453162 | [signature] |
| 4. | [illegible] | 9447620369 | [signature] |
| 5. | Suhara Beevi, Flat no E3 Cidbi Credence. Opp Thope Stadium. Thrissur. (W/o Late Dr. Abdul Khadhar) | 9961439411 | [signature] |
| 6. | V [illegible] For Late Dr. Abdul Khadhar) | 9995411103 | VC |
| 7 | PRASAD. C GAYATHREE NAGAR ZION-1 OOTTARA, KOLLEN-CODE | 9400662733 | [signature] |

കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ഒക്ടോബർ 22<br>22nd October 2021<br>1197 തുലാം 6<br>6th Thulam 1197<br>1943 ആശ്വിനം 30<br>30th Aswina 1943 | നമ്പർ<br>No. | 3064 |

ഫോറം നം 4

ചട്ടം 11(3) കാണുക

വിജ്ഞാപനം

DCPKD/737/2021-C2

11/10/2021

കേരള സർക്കാരിന്റെ 27/01/2021 തീയ്യതിയിലെ ജി.ഒ. (ആർ ടി)നം. 282/2021/ആർ ഡി തിരുവനന്തപുരം ഉത്തരവ് പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാലക്കാട് കിഫ്ബി സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചുത്തരവായിരിക്കുന്നതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട് -1, വടവന്നൂർ എന്നീ വില്ലേജുകളിൽ ഊട്ടറ പുഴപ്പാലം ,ഊട്ടറ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ, ഇപ്പോൾ തന്മൂലം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കേരള വൊളന്ററി ഹെൽത്ത് സർവ്വീസസ്, കളക്ടറേറ്റ് പി.ഒ, കോട്ടയം എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ ഒന്നരമാസത്തിനകം തീർക്കേണ്ടതാണ്.ഒരുകാരണവശാലും ആറ് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

## പട്ടിക

ഏറ്റെടുക്കേണ്ട ഭൂമി - 124.10 ആർ

### 1. ഊട്ടറ റെയിൽവേ മേൽപ്പാലം (0.9535 ഹെക്ടർ)

ജില്ല-പാലക്കാട് താലൂക്ക്-ചിറ്റൂർ വില്ലേജ്-വടവന്നൂർ
ബ്ലോക്ക്-15 & 16

(ഏകദേശ വിസ്തീർണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | ബ്ലോക്ക് | റീസർവ്വേ നമ്പർ | വിസ്തീർണം (ഹെക്ടർ) | തരം |
|---|---|---|---|---|
| 1 | 15 | 597/6,7 | 0.0695 | നിലം |
| 2 | 15 | 601/1,2,3,4,5 | 0.1780 | പുരയിടം |
| 3 | 15 | 611/pt | 0.2030 | പുരയിടം |
| 4 | 15 | 615/2,6 | 0.1885 | പുരയിടം |
| 5 | 15 | 616/4 | 0.0425 | പുരയിടം |

This is a digitally signed Gazette.
Authenticity may be verified through [illegible]

| | | | | |
|---|---|---|---|---|
| 6 | 15 | 627/2 | 0.0620 | നിലം |
| 7 | 16 | 55/4 | 0.0170 | നിലം |
| 8 | 16 | 56/pt | 0.0070 | നിലം |
| | ആകെ | | **0.7675 ഹെക്ടർ** | 0.1860 ഹെക്ടർ പൊറമ്പോക്ക് |

2. ഊട്ടറ പുഴപ്പാലം (0.2875 ഹെക്ടർ)

ജില്ല-പാലക്കാട് താലൂക്ക്-ചിറ്റൂർ വില്ലേജ്-കൊല്ലങ്കോട്-1
ബ്ലോക്ക്-14

| **ക്രമ നമ്പർ** | **ബ്ലോക്ക്** | **സർവ്വേ നമ്പർ** | **വിസ്തീർണം (ഹെക്ടർ)** | **തരം** |
|---|---|---|---|---|
| 1 | 14 | 212/2 pt | 0.0040 | നിലം |
| **ആകെ** | | | **0.0040** | 0.0785 ഹെക്ടർ പൊറമ്പോക്ക് |

ജില്ല-പാലക്കാട് താലൂക്ക്-ചിറ്റൂർ വില്ലേജ്-വടവന്നൂർ
ബ്ലോക്ക്-15 & 16

| **ക്രമ നമ്പർ** | **ബ്ലോക്ക്** | **റീസർവ്വേ നമ്പർ** | **വിസ്തീർണം (ഹെക്ടർ)** | **തരം** |
|---|---|---|---|---|
| 2 | 15 | 620/1,2 | 0.0570 | നിലം |
| | | **ആകെ** | **0.0570 ഹെക്ടർ** | (0.1480 ഹെക്ടർ പൊറമ്പോക്ക്) |

This is a digitally signed Gazette
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല . എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച്കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19/09/2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട് . ഊട്ടറ റെയിൽവേ മേൽപ്പാലം , ഊട്ടറ പുഴപ്പാലം എന്നിവ നിർമ്മിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട് -1, വടവന്നൂർ എന്നീ വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്

ജില്ലാ കളക്ടർ, പാലക്കാട്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021